©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2025 നവംബർ 05<br>05th November 2025<br>1201 തുലാം 19<br>19th Thulam 1201<br>1947 കാർത്തികം 14<br>14th Karthika 1947 | നമ്പർ<br>No. | 3930 |


### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:64/2025/സം.തി.ക

തീയതി, തിരുവനന്തപുരം, 2025 നവംബർ 05.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 10-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച് 03.05.2025–ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 25/2025/ത.സ്വ.ഭ.വ പ്രകാരം 2025-ലെ പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ മേയർ സ്ഥാനങ്ങളിൽ 3 എണ്ണം സ്ത്രീകൾക്ക് സംവരണം ചെയ്തുകൊണ്ടും 87 മുനിസിപ്പൽ കൗൺസിലുകളിലെ ചെയർപേഴ്സൺ സ്ഥാനങ്ങളിൽ 44 സ്ഥാനങ്ങൾ സ്ത്രീകൾക്കും (പട്ടികജാതി സ്ത്രീ ഉൾപ്പെടെ) 6 എണ്ണം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും അതിൽ 3 എണ്ണം പട്ടികജാതി വിഭാഗത്തിലെ സ്ത്രീകൾക്കും 1 എണ്ണം പട്ടികവർഗ്ഗ വിഭാഗത്തിനും സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള മുനിസിപ്പാലിറ്റി ആക്ടിലെ 10 (6) വകുപ്പിനുള്ള ഒന്നാം ക്ലിപ്ത നിബന്ധന പ്രകാരം ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യാൻ അർഹതയുള്ള മുനിസിപ്പാലിറ്റിയും പട്ടികജാതിക്കോ പട്ടികവർഗ്ഗത്തിനോ സംവരണം ചെയ്യേണ്ട മുനിസിപ്പാലിറ്റിയും ഒന്നു തന്നെയാണെങ്കിൽ, അതതു സംഗതിപോലെ, അപ്രകാരമുള്ള ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനം സംവരണം ചെയ്യുന്നതിൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവർക്ക് മുൻഗണന നൽകേണ്ടതും പകരം ക്രമമനുസരിച്ച് തൊട്ടടുത്ത് സ്ത്രീകളുടെ ഏറ്റവും കൂടുതൽ ജനസംഖ്യയുടെ ശതമാനമുള്ള മുനിസിപ്പാലിറ്റിയിലെ ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവർക്കായി ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനം സംവരണം ചെയ്യപ്പെടുന്ന മുനിസിപ്പാലിറ്റികളിൽ സ്ത്രീകളുടെ ജനസംഖ്യയുടെ ശതമാനം ഏറ്റവും കൂടുതൽ ഉള്ള മുനിസിപ്പാലിറ്റികളിൽ ക്രമമനുസരിച്ച് അവരിലെ സ്ത്രീകൾക്ക് ചെയർപേഴ്സൺ സ്ഥാനം സംവരണം ചെയ്യേണ്ടതാണ് എന്ന് രണ്ടാം ക്ലിപ്ത നിബന്ധനയിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 10-ാം വകുപ്പിലെ 2 മുതൽ 6 വരെയുള്ള ഉപവകുപ്പുകളിലെ നടപടിക്രമം പാലിച്ചുകൊണ്ട് താഴെപ്പട്ടികയിലെ മൂന്നാം കോളത്തിൽപ്പറയുന്ന മുനിസിപ്പൽ കോർപ്പറേഷനുകളിലെ/മുനിസിപ്പൽ കൗൺസിലുകളിലെ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ സ്ഥാനങ്ങൾ നാലാം കോളത്തിൽ കാണിച്ചിരിക്കുന്ന വിഭാഗങ്ങൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**പട്ടിക**

| **ക്രമ നമ്പർ** | **ജില്ല** | **സി. നമ്പർ** | **മുനിസിപ്പൽ കോർപ്പറേഷന്റെ പേര്** | **സംവരണ വിഭാഗം** |
|---|---|---|---|---|
| 1 | കൊച്ചി | സി 03 | കൊച്ചി കോർപ്പറേഷൻ | സ്ത്രീ |
| 2 | തൃശ്ശൂർ | സി 04 | തൃശ്ശൂർ കോർപ്പറേഷൻ | സ്ത്രീ |
| 3 | കണ്ണൂർ | സി 06 | കണ്ണൂർ കോർപ്പറേഷൻ | സ്ത്രീ |
| **ക്രമ നമ്പർ** | **ജില്ല** | **എം. നമ്പർ** | **മുനിസിപ്പൽ കൗൺസിലിന്റെ പേര്** | **സംവരണ വിഭാഗം** |
| 1 | പത്തനംതിട്ട | എം 10 | തിരുവല്ല | പട്ടിക ജാതി സ്ത്രീ |
| 2 | പാലക്കാട് | എം 39 | ഒറ്റപ്പാലം | പട്ടിക ജാതി സ്ത്രീ |
| 3 | കോഴിക്കോട് | എം 80 | ഫറോക്ക് | പട്ടിക ജാതി സ്ത്രീ |
| 4 | കൊല്ലം | എം 07 | കരുനാഗപ്പള്ളി | പട്ടിക ജാതി |
| 5 | ആലപ്പുഴ | എം 11 | കായംകുളം | പട്ടിക ജാതി |
| 6 | കോഴിക്കോട് | എം 49 | കൊയിലാണ്ടി | പട്ടിക ജാതി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 7 | വയനാട് | എം 51 | കൽപ്പറ്റ | പട്ടിക വർഗ്ഗം |
| 8 | തിരുവനന്തപുരം | എം 01 | നെയ്യാറ്റിൻകര | സ്ത്രീ |
| 9 | തിരുവനന്തപുരം | എം 04 | വർക്കല | സ്ത്രീ |
| 10 | കൊല്ലം | എം 87 | കൊട്ടാരക്കര | സ്ത്രീ |
| 11 | പത്തനംതിട്ട | എം 08 | അടൂർ | സ്ത്രീ |
| 12 | പത്തനംതിട്ട | എം 09 | പത്തനംതിട്ട | സ്ത്രീ |
| 13 | പത്തനംതിട്ട | എം 61 | പന്തളം | സ്ത്രീ |
| 14 | ആലപ്പുഴ | എം 12 | മാവേലിക്കര | സ്ത്രീ |
| 15 | ആലപ്പുഴ | എം 14 | ആലപ്പുഴ | സ്ത്രീ |
| 16 | ആലപ്പുഴ | എം 62 | ഹരിപ്പാട് | സ്ത്രീ |
| 17 | കോട്ടയം | എം 19 | പാല | സ്ത്രീ |
| 18 | ഇടുക്കി | എം 20 | തൊടുപുഴ | സ്ത്രീ |
| 19 | എറണാകുളം | എം 22 | മൂവാറ്റുപുഴ | സ്ത്രീ |
| 20 | എറണാകുളം | എം 23 | കോതമംഗലം | സ്ത്രീ |
| 21 | എറണാകുളം | എം 24 | പെരുമ്പാവൂർ | സ്ത്രീ |
| 22 | എറണാകുളം | എം 25 | ആലുവ | സ്ത്രീ |
| 23 | എറണാകുളം | എം 28 | അങ്കമാലി | സ്ത്രീ |
| 24 | എറണാകുളം | എം 29 | ഏലൂർ | സ്ത്രീ |
| 25 | എറണാകുളം | എം 31 | മരട് | സ്ത്രീ |
| 26 | തൃശ്ശൂർ | എം 32 | ചാലക്കുടി | സ്ത്രീ |
| 27 | തൃശ്ശൂർ | എം 36 | ഗുരുവായൂർ | സ്ത്രീ |
| 28 | തൃശ്ശൂർ | എം 37 | കുന്നംകുളം | സ്ത്രീ |
| 29 | തൃശ്ശൂർ | എം 68 | വടക്കാഞ്ചേരി | സ്ത്രീ |
| 30 | പാലക്കാട് | എം 38 | ഷൊർണ്ണൂർ | സ്ത്രീ |
| 31 | പാലക്കാട് | എം 70 | ചെർപ്പുളശ്ശേരി | സ്ത്രീ |
| 32 | പാലക്കാട് | എം 71 | മണ്ണാർക്കാട് | സ്ത്രീ |
| 33 | മലപ്പുറം | എം 42 | പൊന്നാനി | സ്ത്രീ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 34 | മലപ്പുറം | എം 44 | പെരിന്തൽമണ്ണ | സ്ത്രീ |
| 35 | മലപ്പുറം | എം 45 | മലപ്പുറം | സ്ത്രീ |
| 36 | മലപ്പുറം | എം 48 | നിലമ്പൂർ | സ്ത്രീ |
| 37 | മലപ്പുറം | എം 72 | താനൂർ | സ്ത്രീ |
| 38 | മലപ്പുറം | എം 73 | പരപ്പനങ്ങാടി | സ്ത്രീ |
| 39 | മലപ്പുറം | എം 74 | വളാഞ്ചേരി | സ്ത്രീ |
| 40 | മലപ്പുറം | എം 75 | തിരൂരങ്ങാടി | സ്ത്രീ |
| 41 | കോഴിക്കോട് | എം 76 | പയ്യോളി | സ്ത്രീ |
| 42 | കോഴിക്കോട് | എം 78 | കൊടുവള്ളി | സ്ത്രീ |
| 43 | കോഴിക്കോട് | എം 79 | മുക്കം | സ്ത്രീ |
| 44 | വയനാട് | എം 82 | സുൽത്താൻ ബത്തേരി | സ്ത്രീ |
| 45 | കണ്ണൂർ | എം 57 | മട്ടന്നൂർ | സ്ത്രീ |
| 46 | കണ്ണൂർ | എം 84 | പാനൂർ | സ്ത്രീ |
| 47 | കണ്ണൂർ | എം 86 | ആന്തൂർ | സ്ത്രീ |
| 48 | കാസർഗോഡ് | എം 59 | കാസർഗോഡ് | സ്ത്രീ |

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**എ.ഷാജഹാൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.05 05:44:03 +05:30